# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5329 27.07.2015-ലെ മറുപടിക്ക്

## അമ്പലപ്പുഴ ദേശീയപാതയിലെ മരംമുറി

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അമ്പലപ്പുഴ മണ്ഡലത്തിൽ ദേശീയ പാതയ്ക്കരികിൽ അപകടാവസ്ഥയിൽ നിൽക്കുന്ന എത്ര മരങ്ങൾ മുറിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) | 18 മരങ്ങൾ പൂർണ്ണമായും 35 മരങ്ങളുടെ ശാഖകളും മുറിച്ചുമാറ്റിയിട്ടുണ്ട്. |
| (ബി) | മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | കോതമംഗലം ബസ് അപകടത്തിന്റെ പശ്ചാത്തലത്തിൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ആലപ്പുഴ ഫോറസ്റ്റ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ അപകടാവസ്ഥ ബോധ്യപ്പെട്ടാണ് തീരുമാനം കൈക്കൊണ്ടത്. |
| (സി) | മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയ്ക്കാണ് കരാർ നൽകിയത്; ഇല്ലെങ്കിൽ മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി എന്തു തുക ചെലവായി; വ്യക്തമാക്കാമോ; | (സി) | മരം മുറിക്കുന്നതിനായി പ്രത്യേക കരാർ നൽകിയിട്ടില്ല. വെള്ളപ്പൊക്ക കെടുതികൾ പരിഹരിക്കുന്നതിനായി ആലപ്പുഴ ഡിവിഷനു കീഴിലുള്ള ദേശീയ പാതകൾക്ക് (അരൂർ മുതൽ കൃഷ്ണപുരം വരെ) 20 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ ജോലികളുടെ കൂടെ മരം മുറിക്കലും ശിഖരങ്ങൾ വെട്ടലും ഉൾപ്പെടുത്തി-യിട്ടുണ്ട്. |
| (ഡി) | മുറിച്ചുമാറ്റിയ തടികൾ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് ; ഈ തടി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇങ്ങനെ മുറിച്ചുമാറ്റിയ തടിയുടെ ഇനം തിരിച്ചുള്ള അളവ് വ്യക്തമാക്കുമോ; | (ഡി) & (ഇ) | ദേശീയപാതയുടെ ഇരുവശങ്ങളിലും ഗതാഗതത്തിന് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ മുറിച്ചിട്ട തടി സൂക്ഷിച്ചിട്ടുണ്ട്. തടികൾ അളന്ന് വില നിശ്ചയിച്ച് നൽകണമെന്ന് ജില്ലാ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു ലഭിയ്ക്കുന്ന മുറയ്ക്ക് ലേലം ചെയ്തു വിൽക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | മരം മുറിച്ചതിന്റെ അവശിഷ്ടങ്ങൾ ദേശീയപാതയ്ക്ക് സമീപം അപകടകരമാം വിധം കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | | |

(signature)

**സെക്ഷൻ ഓഫീസർ**